കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,
തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് ശ്രീ അലക്സാണ്ടർ തോമസ്,
ബഹു. ചെയർപേഴ്സൺ.

**എച്ച്.ആർ.എം.പി.നമ്പർ : 1750/11/12/2024/റ്റി.വി.എം.**

പരാതിക്കാരൻ : അഡ്വ.തൃദേവ്.വി.മോഹൻ , എ.എൻ. 107,
ആദർശ് നഗർ, പ്ലാമ്മൂട്, പട്ടം- 695 004. .

എതിർകക്ഷി :

**ഉത്തരവ് തിയതി : 2025 ഫെബ്രുവരി മാസം 04**

1. Thiruvananthapuram Govt. Law College-ലെ LLM. വിദ്യാർത്ഥിയായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹർജ്ജിക്കാരന് പട്ടികജാതി വിഭാഗക്കാർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം (e-grant.) ലഭിക്കുന്നില്ലായെന്നാണ് പരാതി.

2. 2023-24 വർഷത്തെ e-grant. ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്യുന്നതിന് ഫണ്ട് അപര്യാപ്തമായതിനാൽ കൂടുതൽ തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ 14-10-2024- തിയതിയിൽ റിപ്പോർട്ട് നൽകി. പ്രസ്തുത പ്രൊപ്പോസലുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വിശദമാക്കി ഒരു അഡീഷണൽ റിപ്പോർട്ട് മൂന്നാഴ്ചക്കുള്ളിൽ സമർപ്പിക്കാൻ 12-11-2024 തിയതിയിലെ ഇടക്കാല ഉത്തരവിലൂടെ ഡയറക്ടറോട് കമ്മീഷൻ നിർദ്ദേശിച്ചുകൊണ്ട് കേസ് ഇന്നത്തേക്ക് മാറ്റി. മേൽ ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് ഡയറക്ടർ 21-12-2024 തിയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു. 2023-24 വർഷത്തെ ഒന്നാം വർഷ LLM വിദ്യാർത്ഥിയായ ഹർജിക്കാരന് പ്രസ്തുത വർഷത്തെ അപ്രൂവൽ ലഭിച്ച e-grants post metric scholarship claims ₹.3,750/- 20-11-2024-ലും ₹.15,575/- 30-11-2024-ലും ടിയാൻെറ ബാങ്ക് അക്കൗണ്ടിലേക്ക് payment ചെയ്തിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

3. ഹർജിക്കാരൻ ഇന്ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി. മേൽ പറഞ്ഞ തുകകൾ തൻെറ ബാങ്ക് അക്കൗണ്ടിൽ വന്നിട്ടുണ്ടോ എന്നറിയില്ലെന്നും അത് പരിശോധിക്കേണ്ടതുണ്ടെന്നും ടിയാൻ പറഞ്ഞു. മേൽപ്പറഞ്ഞിട്ടുള്ള തുകകൾ ഒന്നാം

വർഷത്തിലേതാണെന്നും ടി പദ്ധതി പ്രകാരം രണ്ടാം വർഷ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷയും കൊടുത്തിട്ടുണ്ടെന്നും എന്നാൽ ആ ആനുകൂല്യവും ലഭിച്ചിട്ടില്ലെന്നും താൻ പല വിധ അസുഖങ്ങൾ കൊണ്ട് പ്രയാസപ്പെടുന്നയാളാണെന്നും ടിയാൻ ബോധിപ്പിച്ചു.

4. കേസ് പരിഗണിച്ച് ഹർജിക്കാരൻ പോയശേഷം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ പ്രതിനിധീകരിച്ച് ജോയിൻറ് ഡയറക്ടർ ശ്രീമതി സിന്ധു പരമേശ് നേരിട്ട് ഹാജരായി. ഹർജിക്കാരന് അർഹതപ്പെട്ട ഒന്നാം വർഷ ഇ-ഗ്രാൻറ് ആനുകൂല്യങ്ങൾ ടിയാൻെറ ബാങ്ക് അക്കൗണ്ട് വഴി കൊടുത്തിട്ടുണ്ടെന്നും രണ്ടാം വർഷത്തേക്കുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും സർക്കാരിൽ നിന്നും ഫണ്ട് കിട്ടുന്ന മുറയ്ക്ക് രണ്ടാം വർഷ ആനുകൂല്യം കൊടുത്തു തീർക്കുന്നതാണെന്നും ജോയിൻറ് ഡയറക്ടർ അറിയിച്ചു.

5. ഇ-ഗ്രാൻറ് പദ്ധതി പ്രകാരം രണ്ടാം വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതിന് ഹർജിക്കാരൻ അപേക്ഷ കൊടുതിട്ടുള്ളതയും ഫണ്ട് ഇല്ലാത്തതിനാൽ തുക ടിയാന് കൊടുത്തിട്ടില്ലെന്നും ഹർജിക്കാരനെയും ജോയിൻറ് ഡയറക്ടറെയും കേട്ടതിൽ നിന്നും വെളിവാകുന്നു. ഹർജിക്കാരൻ പല അസുഖങ്ങളാലും ബുദ്ധിമുട്ടനുഭവിക്കുന്ന വ്യക്തിയാണ്. ടിയാൻ സാമ്പത്തിക പ്രയാസത്തിലുമാണെന്നും പറയുന്നു. ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും എത്രയും വേഗം ഫണ്ട് ലഭ്യമാക്കി ഹർജിക്കാരന് അർഹതപ്പെട്ട രണ്ടാം വർഷ ഇ-ഗ്രാൻറ് ആനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചുകൊണ്ട് കമ്മീഷൻ ഈ പരാതിയിലെ നടപടി അവസാനിപ്പിക്കുന്നു. ഹർജ്ജിക്കാരനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്കും ഈ ഉത്തരവിൻെറ പകർപ്പ് അയക്കുക.

(ഒപ്പ്)

ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ

j/